# ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്കായി താല്ക്കാലിക ഉദ്യോഗക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് :-

സൂചന :- 1. ജിഒ (പി) നമ്പർ 85/2011/ധന തീയതി 26/02/2011
2. ജിഒ (പി) 143/2011/ധന തീയതി 30/03/2011
3. ജിഒ (പി) 511/2007/ധന തീയതി 19/10/2007
4. ജിഒ (എം.എസ്) നം.4/61/പി.ഡി തിരുവനന്തപുരം തീയതി 02/01/1961
5. ജിഒ (പി) നം.36/91/പി.ആന്റ്.എ.ആർ.ഡി തിരുവനന്തപുരം 02/12/1991
6. ജിഒ(പി) 37/1996/പി.ആന്റ്.എ.ആർ.ഡി തിരുവനന്തപുരം 07/11/1996
7. ജിഒ (പി) നം.1/91/പി.ആന്റ്.എ.ആർ.ഡി തിരുവനന്തപുരം 07/01/1991
8. ഉത്തരവ് നം.ഇ.എസ്.2- 88777/2007/ആ.വ.ഡ തീയതി 14/01/2009
9. ഉത്തരവ് നം.ഇ.എസ് 2-30876/09/ആ.വ.ഡ തീയതി 30/11/2009
10. ഉത്തരവ് നം.ഇ.എസ് 2 - 88500/14/ആ.വ.ഡ തീയതി 26/06/2015
11. സർക്കുലർ നമ്പർ ഇ.ഡി1 - 3/15/ആ.വ.ഡ തീയതി 03/11/2016
12. ഈ ആഫീസിലെ 20/02/2017ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ : ഇ.ഡി1 - 03/2017/ആ.വ.ഡ തീയതി :15/04/2017**

സൂചന ഉത്തരവ് 8,9,10 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാരുടെ 1/01/1994 മുതൽ 31/03/1997 വരെയും 01/04/1997 മുതൽ 31/12/2002 വരെയും 01/01/2003 മുതൽ 31/12/2008 വരെയും 01/01/2009 മുതൽ 31/12/2013 വരെയുമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട അക്കൗണ്ട് ടെസ്റ്റ് പാസായ പരിവീക്ഷണകാലം പൂർത്തിയാക്കിയ ക്ലാർക്കുമാരുടെ സേവന വിവരങ്ങൾ സൂചന (11) പ്രകാരമുള്ള സർക്കുലർ പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും ആവശ്യപ്പെടുകയും ആയത് ലഭിച്ചിട്ടുള്ളതുമാകുന്നു. ഒപ്പം സീനിയർ ക്ലാർക്കുമാരായി തസ്തിക മാറ്റം ലഭിക്കുന്നതിനുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റ് / യു.ഡി ടൈപ്പിസ്റ്റുമാരുടെ സേവനവിവരങ്ങളും ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തിട്ടുള്ളതുമാകുന്നു. ആയതിൻപ്രകാരം സീനിയർ ക്ലാർക്കുമാരുടെ 94 ഒഴിവുകൾ ഈ വകുപ്പിൽ നിലവിലുള്ളതായി കണ്ടെത്തുകയും 84 ഒഴിവുകളിലേക്ക് സൂചന (12) പ്രകാരം ക്ലാർക്കുമാരിൽ നിന്നും സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകുകയും 10 ഒഴിവുകൾ അപ്പീലുകൾക്കായി മാറ്റി വച്ചിട്ടുള്ളതുമാകുന്നു. തുടർന്ന് സീനിയർ ക്ലാർക്കുമാരിൽ നിന്നും ഹെഡ് ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകിയതിലൂടെ ഉണ്ടായ 5 സീനിയർ ക്ലാർക്ക് ഒഴിവുകൾ ഉൾപ്പെടെ ഇപ്പോൾ ആകെ 15 സീനിയർ ക്ലാർക്ക് ഒഴിവുകൾ നിലവിലുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ (സാധാ) 688/2017/ആ.കു.വ തീയതി തിരുവനന്തപുരം 16/03/2017 പ്രകാരം പിണറായി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീ.പ്രകാശൻ അത്തിക്കയെ മേൽപ്പടി ഉത്തരവ് ലഭിച്ച് രണ്ടാഴ്ചക്കകം സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകാൻ ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിരിക്കുന്ന എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ് (ലോവർ / ഹയർ) എന്നിവ പാസായിട്ടുള്ളതും പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടുള്ളതും അച്ചടക്കനടപടികൾ നിലവിലില്ലാത്തതുമായ ക്ലാർക്കുമാരെ 25200-54000 ശമ്പള സ്കെയിലിൽ റൂൾ 31 (എ) (ഐ) പാർട്ട് (2) കെ.എസ് & എസ്.എസ്.ആർ പ്രകാരം ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ സീനിയർ ക്ലാർക്കുമാരായി താല്ക്കാലിക ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന സമയത്ത് ആവശ്യമെങ്കിൽ ടി പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നതാണ്. അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്ലാർക്കുമാർ സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽതന്നെ തുടരാവുന്നതാണ്.

അനുബന്ധം 1-ൽ ഉൾപ്പെട്ടിരിക്കുന്ന സീനിയർ ക്ലാർക്കുമാർക്ക് (8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളവർ ഒഴികെ) ഉത്തരവ് നമ്പർ ജി.ഒ (പി) നമ്പർ 7/2016/ധന തീയതി 20/01/2016 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹരാണ്.

സീനിയർ ക്ലാർക്കുമാരായി താല്ക്കാലിക ഉദ്യോഗക്കയറ്റം നൽകിയ അനുബന്ധം 1-ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപ് സ്ഥാപനമേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി
5. എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്
6. താൽക്കാലികമായി ടെസ്റ്റ് യോഗ്യത ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങളുടെ

   ജാതി തെളിയിക്കുന്ന രേഖകൾ

ജില്ലാ മെഡിക്കൽ ആഫീസർമാർ/സ്ഥാപനമേധാവികൾ തെറ്റായ വിവരങ്ങൾ നൽകിയതിലൂടെ സീനിയർ ക്ലാർക്കുമാരായി താല്ക്കാലിക ഉദ്യോഗക്കയറ്റം നേടിയിട്ടുള്ള ക്ലാർക്കുമാർ അനുബന്ധം 1 ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവ് തീയതി മുതൽ അസാധുവാക്കുന്നതാണ്. എല്ലാ സ്ഥാപനമേധാവികളും സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി അടിയന്തിരമായി ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും/ സ്ഥാപനമേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതുമാണ്.

എല്ലാ സ്ഥാപനമേധാവികളും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
ഉഷാറാണി.പി.
***സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ***

സ്വീകർത്താവ് :-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിസ്ട്രേറ്റീവ് ആഫീസറുടെ സിഎ
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ് (പ്രസിദ്ധീകരണത്തിന്)
3. സൂപ്രണ്ട്, ബിൽ സെക്ഷൻ
4. ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

A. S. Sajjadlis
സൂപ്രണ്ട്

# അനുബന്ധം - 1

| ക്രമ നം | റാങ്ക് നം | സീനിയോറിറ്റി പട്ടികയുടെ കാലാവധി | പേര് | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | ടെസ്റ്റ് യോഗ്യത നേടിയ തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 307 എ | 01/01/2003<br>31/12/2008 | ശ്രീ.പ്രകാശൻ അത്തിക്ക | സാമൂഹികാരോഗ്യ കേന്ദ്രം, പിണറായി, കണ്ണൂർ | 10/05/1979 | ജൂലൈ 2008 | 05/10/2006 | |
| 2 | 332 | 01/01/2003<br>31/12/2008 | ശ്രീമതി.വിബിമോൾ വിൽസൺ | പ്രാഥമികാരോഗ്യ കേന്ദ്രം, പോർക്കളം, തൃശ്ശൂർ | 10/05/1983 | ജനുവരി 2015 | 11/12/2006 | |
| 3 | 527 എ | 01/01/2003<br>31/12/2008 | ശ്രീ.സുമിത്.സി.കെ. | സാമൂഹികാരോഗ്യ കേന്ദ്രം, മുക്കം, കോഴിക്കോട് | 02/03/1983 | എസ്.സി | 26/03/2008 | ടെസ്റ്റ് യോഗ്യത ആർജ്ജിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിരിക്കുന്നു |
| 4 | 515 | 01/01/2003<br>31/12/2008 | ശ്രീ.ബാബു സുൽഫിക്കർ | പ്രാഥമികാരോഗ്യ കേന്ദ്രം, ആതിരംപുഴ, കോട്ടയം | 08/05/1974 | ജൂലൈ 2016 | 02/04/2008 | |
| 5 | 575 | 01/01/2003<br>31/12/2008 | ശ്രീമതി.ആതിര.കെ. വർഗ്ഗീസ് | ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം | 07/10/1986 | ജനുവരി 2016 | 11/08/2008 | |
| 6 | 524 | 01/01/2003<br>31/12/2008 | ശ്രീ.പ്രതീഷ് ബാബു | താലൂക്ക് ആശുപത്രി, പള്ളുരുത്തി എറണാകുളം | 18/05/1982 | ജൂലൈ 2010 | 19/03/2008 | |
| 7 | 595 | 01/01/2003<br>31/12/2008 | ശ്രീ.രാഗേഷ്.കെ.വി | താലൂക്ക് ആശുപത്രി, വൈക്കം കോട്ടയം | 14/04/1979 | ജനുവരി 2016 | 25/10/2008 | |
| 8 | 609 | 01/01/2003<br>31/12/2008 | ശ്രീ.ഷാബുഷ് ദയാൽ | പ്രാഥമികാരോഗ്യ കേന്ദ്രം, കടലുണ്ടി നഗരം, മലപ്പുറം | 04/11/1976 | ജൂലൈ 2016 | 22/10/2008 | |
| 9 | 291 | 01/01/2003<br>31/12/2008 | ശ്രീമതി.ശ്രീലേഖ.ആർ | ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), പാലക്കാട് | 13/04/1980 | ജൂലൈ 2009 | 21/08/2006 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | 6 | 01/01/2009<br>31/12/2013 | ശ്രീ.ഹരിദാസൻ.സി | പ്രാഥമികാരോഗ്യ കേന്ദ്രം, മണ്ണൂർ<br>പാലക്കാട് | 15/05/1980 | എസ്.സി | 19/01/2009 | ടെസ്റ്റ് യോഗ്യത ആർജ്ജിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിരിക്കുന്നു |
| 11 | 23 | 01/01/2009<br>31/12/2013 | ശ്രീമതി.എം.ബി.പൂജ | പ്രാഥമികാരോഗ്യ കേന്ദ്രം, തൃക്കടേരി,<br>പാലക്കാട് | 25/01/1984 | എസ്.സി | 20/05/2009 | ടെസ്റ്റ് യോഗ്യത ആർജ്ജിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിരിക്കുന്നു |
| 12 | 25 | 01/01/2009<br>31/12/2013 | ശ്രീ.സുരേന്ദ്രൻ.ടി | തോപ്പിൽ ഭാസി സ്മാരക<br>പ്രാഥമികാരോഗ്യ കേന്ദ്രം<br>വള്ളികുന്നം, ആലപ്പുഴ | 12/03/1968 | എസ്.സി | 01/07/2009 | ടെസ്റ്റ് യോഗ്യത ആർജ്ജിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിരിക്കുന്നു |
| 13 | 106 | 01/01/2009<br>31/12/2013 | ശ്രീമതി.രൂപ.കെ | ജില്ലാ മെഡിക്കൽ ആഫീസ്<br>കാസർഗോഡ് | 16/04/1979 | ജനുവരി 2015 | 11/03/2010 | |
| 14 | 146 | 01/01/2009<br>31/12/2013 | ശ്രീമതി.ദീപ.കെ | ജില്ലാ മെഡിക്കൽ ആഫീസ്<br>മലപ്പുറം | 01/05/1970 | ജനുവരി 2015 | 22/09/2011 | |
| 15 | 105 | 01/01/2009<br>31/12/2013 | ശ്രീമതി.സുധാകുമാരി.വി | പ്രാഥമികാരോഗ്യ കേന്ദ്രം, ചട്ടഞ്ചാൽ<br>കാസർഗോഡ് | 02/05/1970 | ജനുവരി 2015 | 09/03/2010 | |

B. S. Saptiyadevi

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർക്കു വേണ്ടി